**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം കടമെടുപ്പ് പരിധിയായി കേന്ദ്രം അനുവദിച്ചത് എത്ര തുകയാണെന്നും നാളിതുവരെ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. .അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. ഇതോടൊപ്പം കൂട്ടിചേർക്കുന്നതും കുറവു വരുത്തുന്നതുമായ മറ്റ് ഘടകങ്ങളും കൂടി ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തേക്ക് 34,363 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ പൊതുവിപണിയിൽ നിന്നും വായ്പയായി 25988.007 കോടി രൂപ സംസ്ഥാനം വായ്പ എടുത്തിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്നത്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും 3.5 ശതമാനമാക്കണമെന്ന് പതിനാറാം ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ കടമെടുപ്പ് പരിധിയായി നിശ്ചയിച്ചിട്ടുള്ളതെന്നും കടമെടുപ്പ് പരിധി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ കാര്യത്തിൽ | (ബി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. |

| | | | |
|---|---|---|---|
| | കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്നും അറിയിക്കുമോ; | | .അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 13,29,195 കോടി രൂപയുടെ 3 ശതമാനമായ 39,876 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. ഇതോടൊപ്പം കൂട്ടിചേർക്കുന്നതും കുറവു വരുത്തുന്നതുമായ മറ്റ് ഘടകങ്ങളും കൂടി ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തേക്ക് 34,363 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ പൊതുവിപണിയിൽ നിന്നും വായ്പയായി 25988.007 കോടി രൂപ സംസ്ഥാനം വായ്പ എടുത്തിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്നത്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും 3.5 ശതമാനമാക്കണമെന്ന് പതിനാറാം ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യത എത്ര തുകയാണെന്നും അവയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ? | (സി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 2024-25 ആഗസ്റ്റ് മാസം വരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 462954 കോടി രൂപയാണ്. ആഭ്യന്തര വായ്പായിനത്തിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും, പി.എഫ്, ലഘുസമ്പാദ്യങ്ങൾ, മറ്റുള്ളവ എന്നീ വായ്പായിനത്തിലുമുള്ള ആകെ തുകയാണ് സംസ്ഥാനത്തിന്റെ കടബാധ്യത. |

സെക്ഷൻ ഓഫീസർ